പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4608 — 29-6-2012-ൽ മറുപടിക്ക്

സീനിയർ ടൗൺ പ്ലാനർ വിജിലൻസ് സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എ. വാഹീദ് :<br>ശ്രീ . ജോസഫ് വാഴക്കൻ:<br>ശ്രീ.കെ. ശിവദാസൻ നായർ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയം ഭരണ വകുപ്പിനു കീഴിലുള്ള സീനിയർ ടൗൺ പ്ലാനർ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | വിജിലൻസ് സെൽ വിപുലീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അനധികൃത നിർമ്മാണ പ്രവർത്തനങ്ങളെ കുറിച്ച് അന്വേഷിക്കുന്നതിന് ടൗൺ പ്ലാനിംഗ് വകുപ്പിലെ 17 പേരടങ്ങിയ ഉദ്യോഗസ്ഥരുടെ ഒരു സംഘത്തെ സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) -ന്റെ നേതൃത്വത്തിൽ അടുത്ത കാലത്ത് നിയോഗിച്ചിട്ടുണ്ട്. |

| | |
|---|---|
| ബി) പ്രസ്തുത സംവിധാനത്തിന്റെ പ്രധാന ചുമതലകൾ എന്തെല്ലാമാണ് ; | i) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുക്കൾ എന്നിവയിൽ മിന്നൽ പരിശോധന നടത്തി ഫയൽ പരിശോധിക്കുക.<br>ii) ടി സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾകണ്ടെത്തി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുക.<br>iii) കെട്ടിടങ്ങളുടെ അംഗീകൃത പ്ലാനുകളുടെ സാമ്പിളുകൾ തെരെഞ്ഞെടുത്ത് അവ കെട്ടിട നിർമ്മാണ നിയന്ത്രണ ചട്ടങ്ങൾക്ക് വിധേയമാണോ അംഗീകാരം നൽകിയിട്ടുളളത് എന്നും പരിശോധിക്കുക.<br>iv) കോർപ്പറേഷൻ- മുനിസിപ്പൽ- പഞ്ചായത്ത് പ്രദേശങ്ങളിൽ നടത്തുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അംഗീകൃത പ്ലാൻ അനുസരിച്ചാണോയെന്ന് ഉറപ്പുവരുത്തുവാൻ മിന്നൽ പരിശോധന നടത്തുക.<br>v) കെട്ടിടങ്ങളുടെ കേടുപാടുകൾ തീർക്കാൻ അനുവാദം വാങ്ങിയിട്ടാണോ പുനർ നിർമ്മാണം നടത്തിയിട്ടുളളത് എന്നു കണ്ടുപിടിക്കുക.<br>vi) തദ്ദേശ സ്വയംഭരണ സ്ഥപാനങ്ങളിൽ നിന്നും ലഭിച്ചിരിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ബന്ധപ്പെട്ട ഓഫീസർമാർ നൽകിയിട്ടുളള ശുപാർശകൾ വിലയിരുത്തുക.<br>vii) തദ്ദേശ സ്വയംഭരണ സ്ഥപാനങ്ങളിൽ കെട്ടിട നിർമ്മാണ ലൈസൻസിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കുക തുടങ്ങിയവയാണ് ടി സെല്ലിന്റെ ചുമതലകൾ. |

| | |
|---|---|
| സി) അനധികൃത നിർമ്മാണം കണ്ടെത്തുന്നതിനായി സീനിയർ ടൗൺ പ്ലാനർ വിജിലൻസ് സംവിധാനം കൂടുതൽ കാര്യക്ഷമ മാക്കാൻ നടപടി സ്വീകരിക്കുമോ ; | വിജിലൻസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നകാര്യവും റീജിയണൽ വിജിലൻസ് ഓഫീസുകൾ രൂപീകരിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ച് വരുകയാണ്. |
| ഡി) ഇതിനായി വിവിധ റീജിയണുകളിൽ വിജിലൻസ് ഓഫീസുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ